# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4323** — **12-11-2019-ൽ മറുപടിക്ക്**

### ഇതര സംസ്ഥാനങ്ങളിൽ കേരളത്തിന്റെ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. യു. ആർ. പ്രദീപ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ച് ഇതരസംസ്ഥാനക്കാർക്ക് അറിവ് നൽകുന്നതിനായി ഇതരസംസ്ഥാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ; | (എ) | നിലവിൽ സംസ്ഥാന ടൂറിസം വകുപ്പ് ഗോവ, മംഗലാപുരം, മൈസൂർ, ചെന്നൈ, കൊൽക്കത്ത, ഡൽഹി, മുംബൈ എന്നിവിടങ്ങളിൽ ഇൻഫർമേഷൻ കൗണ്ടറുകൾ നടത്തിവരുന്നുണ്ട്. |
| (ബി) | സംസ്ഥാന വിനോദ സഞ്ചാര വകുപ്പിന്റെ ഉടമസ്ഥതയിൽ കേരളത്തിന് പുറത്തുള്ള ആസ്തിവകകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള സർക്കാരിന്റെ ഉടമസ്ഥതയിൽ വിനോദ സഞ്ചാര വകുപ്പിന്റെ നിയന്ത്രണത്തിൽ കന്യാകുമാരിയിൽ കേരളാ ഹൗസ് ഉൾപ്പെടുന്ന സ്ഥലം കന്യാകുമാരി വില്ലേജിൽ 599/2 എന്ന സർവ്വേ നമ്പരിൽ 1.645 ഹെക്ടറിലാണ് വ്യാപിച്ച് കിടക്കുന്നത്. ചെന്നൈ നുങ്കമ്പാക്കം വില്ലേജിൽ ഇള്ളോക്ക് ഗാർഡനിൽ ഗ്രീൻസ് റോഡിൽ 0.55 ഏക്കർ സ്ഥലം ഹോട്ടൽ നിർമ്മിക്കുന്നതിന് കെ.റ്റി.ഡി.സി-യ്ക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത വസ്തുവകകൾ പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | കന്യാകുമാരിയിൽ കേരളാ ഹൗസ് സ്ഥിതി ചെയ്യുന്ന സ്ഥലം കാടുവെട്ടിത്തെളിച്ചും മതിൽ കെട്ടിയും പരിപാലിച്ചിട്ടുണ്ട്. ചെന്നൈ നുങ്കമ്പാക്കം വില്ലേജിൽ ഗ്രീൻസ് റോഡിൽ കെ.റ്റി.ഡി.സി-യുടെ ഹോട്ടൽ പ്രവർത്തിച്ചു വരുന്നു. |

Sandhya

**സെക്ഷൻ ഓഫീസർ**